# Year of Liturgy
# Eparchial Quiz Competition



Week - 35 ( **13** th August 2023)

1) According to *Mar* Timothy II, what is the symbolism of mixing of water and wine in the *Kasa*?
The blood of *M'shiha* which symbolises the union of the spouses as envisioned by *Alahaa* in the creation. By drinking from the same consecrated *Kasa*, divine grace is transmitted to the spouses.

2) What do the "Garments and Colours" symbolise?

- Symbol of incorruption and renewal
- Symbol of unity
- Symbol of *Alahaa's* provision
- Symbol of glory

3) What is the "Colour" in the *Raza* of Marriage as per the East Syriac tradition?
The main outer garment of the bride.

4) What is the Syriac term by which marital union is expressed?
*Shawtapusa* (communion/ fellowship).

5) Who places the Bridal Attire, Colours and Crown on the table before the *Kahna*?
*M'shamshane*.

6) How many *M'shamshane* are allotted to bring the Bridal Attire, Colours and Crown to the table before the *Kahna*?
Three.

7) What does the Crown symbolise according to the Syriac fathers?
Glory and joy.

8) What other *Raze* evoke the Hymn of Crowning?

*Mamoodeesa* and Holy *Qurbana*.

9) What does the groom's Crown represent?
The groom's Crown represents the Crown of thorns of *Isho* who laid down His life for His bride, the Holy Church.

10) What does the bride's Crown represent?
The bride's crown symbolises the glory, the reward and the honour *Alahaa* granted to us, the Church.

11) What is the symbolism of the Crowning?
The Crowning reveals that the man and woman, in their union with *M'shiha*, participate in His *Malkusa* (Kingship) and become an icon of the love of *Isho M'shiha* for his Church. To receive the Crowns at Marriage is to be Crowned King and Queen of the new family, the domestic Church.

12) Who is the author of the hymns for the blessings on the head of the bride and bridegroom?
*Mar* Aprem.

13) What is the main theme of the blessing hymns composed by *Mar* Aprem?
These prayers ask for *Alahaa's* blessings on the spouses, beseech for material prosperity, reputation, health, knowledge, strength, holiness, fertility and blessed offspring and above all *Alahaa's* protection. These benedictions of the groom and bride call to our minds the blessings the
Patriarchs (since Old Testament) conferred on their children.

14) What does the *Kahna* do during the Hymn of the Benediction of the Groom?
The *Kahna* approaches the groom and places his right hand on his head and blesses him with a prayer ending in a doxology.

15) What does the *Kahna* do during the Hymn of the Benediction of the bride?
The *Kahna*, placing his right hand upon the head of the bride, blesses her. The concluding prayer is a doxology.

16) Who does the bridesmaid symbolise?
The bridesmaid symbolises the holy women in the Old Testament such as *Y'hudith* (Judith), Esher, Debora, etc....along with Martha and Mariam and the servants of *Isho M'shiha*.

17) What do the East Syriac fathers say about the wedding banquet and the communion into which the bride and the bridegroom enter?
The communion into which the bride and the bridegroom enter symbolises resurrection.

18) According to *Mar* Geevarghese of Arbela and *Mar* Timothy II, for how many days can the wedding banquet be celebrated?
Three days or seven days.

19) According to *Mar* Timothy II what is the significance of 3 days of celebration?
The three days celebration signifies the *Raza* (Mystery) of the Holy Trinity through which the resurrection is perfected.

20) According to *Mar* Timothy II what significance does the seven days of celebration have?
It typifies the covenant and the eternal joy which will remain always and forever.

1. മാർ തിമോത്തി രണ്ടാമന്റെ അഭിപ്രായത്തിൽ കാസയിൽ വീഞ്ഞും വെള്ളവും ചേരുന്നത് സൂചി പ്പിക്കുന്നതെന്ത്?
സൃഷ്ടിയിൽ ആലാഹാ വിഭാവനം ചെയ്ത ദമ്പതികളുടെ കൂട്ടായ്മയാണ് മിശിഹായുടെ രക്തം സൂചിപ്പിക്കുന്നത്. വാഴ്ത്തിയ കാസയിൽ നിന്നും പാനം ചെയ്യുന്നത് വഴി ദൈവീക കൃപ ദമ്പതി കളിലേക്കു പകരുന്നു.

2 'വസ്ത്രങ്ങളും നിറങ്ങളും' എന്തു സൂചിപ്പിക്കുന്നു?

- അഴുകാത്തതിന്റെയും നവീകരണത്തിന്റെയും പ്രതീകം
- കൂട്ടായ്മയുടെ/ ഐക്യത്തിന്റെ പ്രതീകം
- ആലാഹയുടെ പരിപാലനയുടെ പ്രതീകം
- മഹത്വത്തിന്റെ പ്രതീകം

3. പൗരസ്ത്യ സുറിയാനി പരമ്പര്യമനുസരിച്ച് വിവാഹമെന്നക്കൂദാശയിലെ 'നിറം' എന്തു സൂചി പ്പിക്കുന്നു?
വധുവിന്റെ മേൽവസ്ത്രം.

4. ദമ്പതികളുടെ ഒന്നാകലിനെ സൂചിപ്പിക്കുന്ന സുറിയാനി പദം ഏതാണ്?
ഷൗത്താപൂസാ.

5 പുരോഹിതനു മുൻപിലെ മേശയിൽ ആരാണ് വിവാഹ വസ്ത്രവും, നിറവും കീരടവും വയ്ക്കു ന്നത്?
മ്ശംശാന.

6. എത്ര മ്ശംശാനമാരാണ് പുരോഹിതനു മുൻപിലെ മേശയിൽ വയ്ക്കാൻ വിവാഹ വസ്ത്രവും നിറവും കിരീടവും കൊണ്ടുവരുന്നത്?
മൂന്ന്.

7. സുറിയാനി പിതാക്കന്മാരുടെ അഭിപ്രായത്തിൽ കിരീടം എന്തിനെ സൂചിപ്പിക്കുന്നു?
മഹത്വവും ആനന്ദവും.

8. കിരീടവാഴ്വിന്റെ ഗീതം ഓർമ്മയിൽ കൊണ്ടുവരുന്ന മറ്റു കൂദാശകൾ ഏവ?
മാമോദീസയും പരിശുദ്ധ കുർബാനയും.

9. വരന്റെ കിരീടം എന്തു സൂചിപ്പിക്കുന്നു?
തന്റെ വധുവായ പരിശുദ്ധ സഭയ്ക്കായി തന്റെ ജീവൻ സമർപ്പിച്ച ഈശോയുടെ മുൾക്കിരീ ടത്തെയാണ് വരന്റെ കിരീടം സൂചിപ്പിക്കുന്നത്.

10.വധുവിന്റെ കിരീടം സൂചിപ്പിക്കുന്നതെന്ത്?
ആലാഹ നമുക്ക്, സഭയ്ക്കു നല്കിയിരിക്കുന്ന മഹത്വവും പ്രതിഫലവും ആദരവുമാണ് വധുവി ന്റെ കിരീടം സൂചിപ്പിക്കുന്നത്.

11. കിരീട ധാരണം എന്തു സൂചിപ്പിക്കുന്നു?
പുരുഷനും സ്ത്രീയും ഈശോമിശിഹായിലുള്ള ഐക്യം വഴി മിശിഹായുടെ രാജത്വത്തിൽ പ ങ്കുകാരാവുകയും. സഭയോടുള്ള മിശീഹായുടെ സ്നേഹത്തിന്റെ ഐക്കൺ ആവുകയും ചെയ്യുന്ന താണ് കിരീട ധാരണം സൂചിപ്പിക്കുന്നത്. വിവാഹത്തിൽ കിരീടം സ്വീകരിക്കുന്നത്, ഗാർഹികസഭ യായ പുതിയ കുടുംബത്തിലെ രാജാവും രാജ്ഞിയുമായി കീരീടം ധരിപ്പിക്കുന്നതാണ്.

12. വരന്റെയും വധുവിന്റെയും ശിരസ്സ് ആശീർവ്വദിക്കുന്ന ഗീതത്തിന്റെ രചയിതാവാരാണ്?
മാർ അപ്രേം.

13. മാർ അപ്രേമിന്റെ ആശീർവ്വാദ ഗീതത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ഏവ?
ദമ്പദികൾക്ക് ആലാഹയുടെ അനുഗ്രഹത്തിനായി യാചിക്കുന്നു.
ഭൗതിക സമൃദ്ധിക്കും അംഗീകാരത്തിനും, ആരോഗ്യത്തിനും, അറിവിനും, ശക്തിക്കും പരിശുദ്ധിയ്ക്കും വന്ധ്യതയില്ലായ്മക്കും അനുഗ്രഹീത മക്കൾക്കായും എല്ലാറ്റിനും ഉപരി ആലാഹയുടെ സംരക്ഷണത്തിനും അഭ്യർത്ഥിക്കുന്നു പൂർവ്വപിതാക്കന്മാർ മക്കൾക്കു നല്കിയിരുന്ന ആശിർവ്വാദത്തെയാണ് വധുവിന്റെയും വരന്റെയും ആശീർവ്വാദം ഓർമ്മപ്പെടുത്തുന്നത്.

14. വരന്റെ ആശിർവ്വാദ ഗീത സമയത്ത് കഹ്ന എന്തു ചെയ്യുന്നു?
കഹ്ന വരന്റെ അടുത്തെത്തി അവന്റെ തലയിൽ കൈവച്ച് ദൈവസ്തുതി കൊണ്ടവസാനിക്കുന്ന പ്രാർത്ഥന ചൊല്ലി അവനെ ആശീർവ്വദിക്കുന്നു.

15. വധുവിന്റെ ആശീർവാദ സമയത്ത് കഹ്ന എന്തു ചെയ്യുന്നു?
കഹ്ന വധുവിന്റെ തലയിൽ വലതു കൈ വച്ച് അവളെ ആശീർവ്വദിക്കുന്നു. സമാപന പ്രാർത്ഥന ദൈവസ്തുതിയാണ്.

16. വധുവിന്റെ തോഴിമാർ എന്തു സൂചിപ്പിക്കുന്നു?
വധുവിന്റെ തോഴിമാർ പഴയ നിയമത്തിലെ പരിശുദ്ധ സ്ത്രീകളായ യൂദിത്തിനേയും എസ്തേറിനേയും ദെബോറായേയും അതോടൊപ്പം മർത്തയേയും മറിയത്തേയും ഈശോ മിശിഹായുടെ ദാസരെയും സൂചിപ്പിക്കുന്നു.

17. പൗരസ്ത്യ സുറിയാനി പിതാക്കന്മാർ വിവാഹ വിരുന്നിനെപ്പറ്റിയും വരനും വധുവും പ്രവേശിക്കുന്ന കൂട്ടായ്മയെപ്പറ്റിയും എന്തു പറയുന്നു?
വരനും വധുവും പ്രവേശിക്കുന്ന കൂട്ടായമ മിശിഹായുടെ ഉത്ഥാനത്തെ സൂചിപ്പിക്കുന്നു.

18. അർബേലയിലെ മാർ ഗീവർഗീസ്സിന്റെയും മാർ തിമോത്തി രണ്ടാമന്റെയും അഭിപ്രായത്തിൽ എത്ര ദിവസം വിവാഹ വിരുന്ന് നടത്തണം?
മൂന്ന് അല്ലെങ്കിൽ ഏഴ് ദിവസങ്ങൾ.

19. മൂന്നു ദിവസത്തെ വിവാഹ വിരുന്ന്/ ആഘോഷം തിമോത്തി രണ്ടാമന്റെ അഭിപ്രായത്തിൽ എന്തു സൂചിപ്പിക്കുന്നു?
ഉത്ഥാനം പൂർണ്ണമാക്കപ്പെട്ട പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യങ്ങളെയാണ് മൂന്ന് ദിവസത്തെ ആഘോഷം സൂചിപ്പിക്കുന്നത്.

20. ഏഴു ദിവസത്തെ വിവാഹ വിരുന്ന്/ ആഘോഷം തിമോത്തി രണ്ടാമന്റെ അഭിപ്രായത്തിൽ എന്തു സൂചിപ്പിക്കുന്നു?
എന്നേയ്ക്കും നിലനില്ക്കുന്ന ഉടമ്പടിയേയും എപ്പോഴും എന്നേക്കും നിലനിൽക്കുന്ന നിത്യ സന്തോഷത്തേയുമാണ് ഇതു സൂചിപ്പിക്കുന്നത്.